പാട്ടത്തിനു നൽകിയ ഭൂമി

129 [436] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര ഏക്കർ ഭൂമി ആർക്കെല്ലാം പാട്ടത്തിന് നൽകിയിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) 50 ഏക്കറിൽ കൂടുതൽ ഭൂമി പാട്ടത്തിന് നൽകിയവരുടെ പേരു വിവരവും നൽകിയിട്ടുള്ള ഭൂമിയുടെ ജില്ല, താലൂക്ക്, വില്ലേജ്, സർവ്വെ നമ്പർ ഉൾപ്പെടെയുള്ള വിവരവും ലഭ്യമാക്കുമോ;

(സി) ഓരോരുത്തർക്കും പാട്ടത്തുക ഏക്കറിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പാട്ടത്തുകയിൽ ആർക്കൊക്കെ കുടിശ്ശികയുണ്ട് എന്നും കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(ഇ) പാട്ടത്തുക കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും പാട്ടത്തുക കുറയ്ക്കാനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം വനംവകുപ്പ് ഭൂമിക്ക് ബാധകമാണോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ആകെ 65728.5139 ഹെക്ടർ വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്. ഇതിൽ ആറ് പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 44601.843 ഹെക്ടറും, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കായി 11804.2998 ഹെക്ടറും, വിവിധ വ്യക്തികൾക്ക് 783.7268 ഹെക്ടറും ഗ്രാന്റ്സ് ആന്റ് ലീസസിന്റെ പരിധിയിൽപ്പെട്ട സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾക്ക് 8538.60 ഹെക്ടറും പാട്ടത്തിനു നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) പല നിരക്കിലാണ് പാട്ടവാടക ഈടാക്കി വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏക്കറിന് 526 രൂപ നിരക്കിലും ഗവേഷണ സ്ഥാപനങ്ങൾക്ക് 263 രൂപ നിരക്കിലും ഗ്രാന്റ്സ് ആന്റ് ലീസസിന്റെ പരിധിയിൽവരുന്ന പാട്ടത്തിന് ഏക്കറിന് 1.50 രൂപ മുതൽ 11.75 രൂപവരെയുള്ള വ്യത്യസ്ത നിരക്കിലും മറ്റു വ്യക്തികൾക്ക് പൊതുവെ ഏക്കറിന് 526 രൂപ നിരക്കിലുമാണ് ഈടാക്കുന്നത്. എന്നാൽ മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ട ചില പാട്ടങ്ങൾ കാലാവധി തീരുംവരെ അതാതു സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വ്യത്യസ്ത നിരക്കിലാണ് ഈടാക്കി വരുന്നത്. കേരള വനവികസന കോർപ്പറേഷന് വനവിളകൾക്ക് പ്രതിവർഷം ഹെക്ടറിന് 50 രൂപയും കാർഷിക വിളകൾക്ക് 200 രൂപയുമാണ് ഈടാക്കുന്നത്.

(ഡി) കുടിശ്ശികയിൽ ഏറിയപങ്കും പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നുമാണ് ലഭിക്കാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. കുടുശ്ശികയുള്ള പ്രധാന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ
2. പ്ലാന്റേഷൻ കോർപ്പറേഷൻ
3. കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ
4. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
5. റബ്ബർ ബോർഡ്
6. ജലസേചന വകുപ്പ്
7. ഐ.എഫ്.ജി.റ്റി.ബി.
8. സി.പി.ആർ.ഐ.
9. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ

(ഇ) പാട്ടത്തുക കുറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. പാട്ടത്തുക കുറയ്ക്കാനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിക്കു ബാധകമല്ല.

ഫോറസ്റ്റ് പരിധിയിൽനിന്ന് മുറിച്ചു മാറ്റിയ മരം

130 [438] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫോറസ്റ്റ് പരിധിയിൽ നിന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ മരം മുറിച്ചുമാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഫോറസ്റ്റ് റെയിഞ്ചുകളിൽനിന്നും എത്ര രൂപയുടെ വീതം മരം മുറിച്ചു മാറ്റിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഫോറസ്റ്റ് പരിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41688.503 ലക്ഷം രൂപയുടെ മരം മുറിച്ചുമാറ്റിയിട്ടുണ്ട്.

(ബി) റെയിഞ്ച് തിരിച്ചുള്ള വിവരം അനുബന്ധമായി വച്ചിരിക്കുന്നു. † ഈസ്റ്റേൺ സർക്കിൾ പാലക്കാടിന്റ കീഴിലുള്ള റെയിഞ്ചു തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫോറസ്റ്റ് മാനേജ്മെന്റ് പ്രകാരമുള്ള മരം മുറിച്ചുമാറ്റൽ

131 [439] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് മാനേജ്മെന്റ് പ്ലാൻ പ്രകാരം കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽ നിന്നും എത്ര കോടി രൂപയുടെ മരം മുറിച്ചു മാറ്റപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly